പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1193 — 30.01.2018-ൽ മറുപടിയ്ക്ക്

# മലയോര തീരദേശ ഹൈവേ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവക്ക് ഓരോന്നിനും എത്ര കോടി രൂപ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (എ) | മലയോര ഹൈവേയുടെയും, തീരദേശ ഹൈവേയുടെയും നിർമ്മാണത്തിനായി യഥാക്രമം 3500 കോടി രൂപയും 6500 കോടി രൂപയും ആണ് കിഫ്ബിയിൽ ഉൾപ്പെടുത്തി വകയിരുത്തിയിട്ടുള്ളത്. |
| (ബി) | ഓരോ പദ്ധതിയുടെയും നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്നും ഇതിന്റെ ഡി.പി.ആർ തയ്യാറാക്കാൻ നടപടി സ്വീകരിച്ചോയെന്നും വെളിപ്പെടുത്തുമോ; | (ബി) | 1251.04 കി.മീ.നീളം വരുന്ന മലയോരഹൈവേയിൽ ആദ്യഘട്ടമായി 777.505 കി.മീ. ഏറ്റെടുക്കാൻ തീരുമാനിച്ചതിൽ 558.349 കി.മീ.നീളം വരുന്ന 20 ഉപപദ്ധതികളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 622.950 കി.മീ.നീളം വരുന്ന തീരദേശ ഹൈവേയിൽ ആദ്യഘട്ടമായി 242 കി.മീ. ഏറ്റെടുക്കാൻ തീരുമാനിച്ചതിൽ 211.88 കി.മീ. നീളം വരുന്ന 11 ഉപ പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിലേയ്ക്ക് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. കിഫ്ബിയിൽ സമർപ്പിച്ച മലയോര ഹൈവേ പദ്ധതികളിൽ 110.995 കി.മീ. വരുന്ന 4 പദ്ധതികൾക്ക് 395.42 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതികളുടെ ധനസ്രോതസ്സ് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ? | (സി) | കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ